136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

കുന്ദമംഗലത്ത് സർക്കാർ കോളേജിൽ മുൻഗണനാക്രമം തെറ്റിച്ച് കോഴ്സ് അനുവദിച്ചതായ പരാതി

14 (1067) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിൽ ആരംഭിച്ച സർക്കാർ കോളേജിൽ ശിപാർശ ചെയ്യപ്പെട്ട മുൻഗണനാക്രമം തെറ്റിച്ച് മൂന്നാമത്തെ കോഴ്സിന് പകരം അഞ്ചാമത്തെ കോഴ്സ് അനുവദിച്ച് ഉത്തരവായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കാബിനറ്റ് ബ്രീഫിംഗിൽ മൂന്നാമത്തേതായി മുഖ്യമന്ത്രി പ്രഖ്യാപിച്ച കോഴ്സ് ഉത്തരവിറങ്ങിയപ്പോൾ ഒഴിവാക്കപ്പെട്ടതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത സർക്കാർ കോളേജിൽ ബി.എസ്.സി. ജ്യോഗ്രഫി വിത്ത് സ്റ്റാറ്റിസ്റ്റിക്സ് & കാർട്ടോഗ്രാഫി കോഴ്സ് കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 6-8-2014-ലെ മന്ത്രിസഭായോഗം അംഗീകരിച്ച 3 കോഴ്സുകളാണ് കുന്ദമംഗലം മണ്ഡലത്തിൽ ആരംഭിച്ച സർക്കാർ കോളേജിൽ അനുവദിച്ചിരിക്കുന്നത്.

(സി&ഡി) ഈ കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly